പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1649 18/06/2012 - ൽ മറുപടിക്ക്

## പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ:<br>,, എം. ഹംസ:<br>,, എ. എം. ആരിഫ്:<br>,, കെ. വി. വിജയദാസ്: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സംസ്ഥാനത്തെ മുഴുവൻ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുമായി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുമെന്ന മുൻ വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിൽ വരുത്തുകയുണ്ടായോ; വ്യക്തമാക്കുമോ; | (എ) തീരപ്രദേശത്ത് സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കു സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതാണെന്ന് 2011-12-ലെ ബജറ്റിൽ പ്രഖ്യാപനമുണ്ടായിരുന്നു. |
| (ബി) ഈ പദ്ധതിക്ക് എത്രകോടി രൂപ ചെലവഴിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; | (ബി) 400 കോടി രൂപ. ബജറ്റ് വിഹിതം 10 കോടി രൂപ. |
| (സി) മുൻവർഷം മേല്പറഞ്ഞ പദ്ധതിയിൻകീഴിൽ മാത്രം എത്ര പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകുകയുണ്ടായിയെന്നും | (സി) സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിൽ ഭവന നിർമ്മാണത്തിനായി മത്സ്യതൊഴിലാളികൾക്ക് ഗ്രാന്റ് അനുവദിച്ചു നൽകുക |

ഇതിനായി യഥാർത്ഥത്തിൽ എന്ത് തുക ചെലവഴിക്കുകയുണ്ടായിയെന്നും വ്യക്തമാക്കുമോ?

യാണ് ചെയ്യുന്നത്. 2011-12 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 300 ലക്ഷം രൂപ 2010-11-ൽ അനുവദിച്ച 1469 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള രണ്ടാം ഗഡുവായി അനുവദിച്ചു നൽകുകയുണ്ടായി. കൂടാതെ ഭവന നിർമ്മാണത്തിനായി 10 കോടി രൂപയുടെ ഭരണാനുമതിയും നൽകുകയുണ്ടായി. തുക 2012-13 സാമ്പത്തിക വർഷം അനുവദിക്കുമെന്നും ഉത്തരവായിട്ടുണ്ട്. കൂടാതെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി 11 മത്സ്യഗ്രാമങ്ങളിൽ 284 ഭവനങ്ങൾ വീതം 3124 ഭവനങ്ങളുടെ നിർമ്മാണത്തിനായി 78.10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അതിൽ 50 കോടി രൂപ 2011-12 വർഷം ജില്ലകൾക്കനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി വരികയാണ്.

സെക്ഷൻ ഓഫീസർ